കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ. - ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയും കണ്ണൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ 2016-2017 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി - ഹൈടെക് ബസ് ഷെൽട്ടർ നിർമ്മാണം SILK മുഖേന നടപ്പിലാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.3838/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 28/11/2017

പരാമർശം :- (1) 03/06/2014-ലെ 54/2014/ധന. നമ്പർ സർക്കുലർ.
(2) ജി.ഒ.(ആർ.റ്റി.) 1514/17/തസ്വഭവ തീയതി 10.05.2017.
(3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.11.2017 ലെ ഡിബി5-2127/17/സിഇ/തസ്വഭവ(2) നമ്പർ കത്ത്.

ഉത്തരവ്

ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയും കണ്ണൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുമായ ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി, അവർകളുടെ എൽ.എ.സി.-എ.ഡി.എസ്. പ്രകാരം കണ്ണൂർ കോർപ്പറേഷനിലെ പീതാംബര പാർക്ക് - ഫോർട്ട് റോഡ് കാനത്തൂർ ഡിവിഷൻ, കണ്ണൂർ ജില്ലാ കോടതി കോംപ്ലക്സിന് എതിർവശത്ത്, മുണ്ടയോട് സ്റ്റേഡിയം, ഏച്ചൂർ ബസ് സ്റ്റോപ്പ്, ചൊവ്വ ജംഗ്ഷൻ എന്നീ 5 സ്ഥലങ്ങളിൽ ഹൈടെക്ക് ബസ് ഷെൽറ്റർ നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. മേൽ പ്രവൃത്തി സ്റ്റീൽ ഇന്റസ്ട്രീയൽസ് കേരള ലിമിറ്റഡ് (SILK) മുഖേന നടപ്പിലാക്കാൻ ബഹു.മന്ത്രി ശിപാർശ ചെയ്തിട്ടുണ്ടെന്നും, ആയതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. നിർദ്ദേശം, സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ കണ്ണൂർ നഗരസഭയിലെ മേൽപ്പറഞ്ഞ അഞ്ച് സ്ഥലങ്ങളിലെ ഹൈടെക് ബസ് ഷെൽട്ടർ നിർമ്മാണം എന്ന പ്രവൃത്തി ഒരു പൊതുമേഖല സ്ഥാപനം കൂടിയായ സ്റ്റീൽ ഇന്റസ്ട്രീയൽസ് കേരള ലിമിറ്റഡ് (SILK) മുഖേന നടപ്പിലാക്കാൻ, പരാമർശം (1) ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ, ഇത് സംബന്ധിച്ച് കണ്ണൂർ നഗരസഭ resolution പാസ്സാക്കിയിരിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ.
മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇന്റസ്ട്രീയൽസ് കേരള ലിമിറ്റഡ് (SILK), അത്താണി പി.ഒ., തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാകരം

സെക്ഷൻ ഓഫീസർ